## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2440

05.11.2019 ൽ മറുപടിക്ക്

### ഉന്നതതല നിക്ഷേപ ഉപദേശക കൗൺസിൽ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ : | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ വ്യവസായ നിക്ഷേപം ആകർഷിക്കാനും പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി വേഗത്തിൽ നൽകുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) & (ബി) | പുരോഗതി മുന്നിൽക്കണ്ട് സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ്" നിലവിൽ വന്നു. വിവിധ വകുപ്പുകളിൽ നിന്നുമുള്ള അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ എന്നിവയ്ക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പിലാക്കി വരുന്നു.<br><br>മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ തുടങ്ങിയവയ്ക്ക് 3 |
| (ബി) | ഈ ആവശ്യത്തിലേക്കായി സംസ്ഥാനത്ത് ഉന്നതതല നിക്ഷേപ ഉപദേശക കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ കൗൺസിലിന്റെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | വർഷത്തേയ്ക്ക് ഇളവുകൾ അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന നിയമനിർമ്മാണം നടത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈസ് ഓഫ് ഡ്യൂയിംഗ് സംബന്ധിച്ച് 06.08.2019 ന് കൂടിയ അവലോകന യോഗത്തിൽ സംസ്ഥാനത്ത് വ്യവസായ നിക്ഷേപതോത് വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും, വ്യവസായികൾക്ക് ഒരുക്കിയിരിക്കുന്ന സേവനങ്ങൾ വിലയിരുത്തുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനുമായി ഒരു ഉന്നതതല കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനമായിരുന്നുവെങ്കിലും പിന്നീടുള്ള പരിശോധനയിൽ നിലവിലുള്ള 1999 ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തിയാൽ ഉദ്ദേശ്യം നേടാനാകുമെന്ന് കണ്ടെത്തി. അപ്രകാരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**